പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 79

# 2021-ലെ കേരള സംസ്ഥാന കർഷക അവകാശ സംരക്ഷണ അതോറിറ്റി രൂപീകരണ ബിൽ

(ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം. എൽ. എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ
ബിൽ നമ്പർ 79

# 2021-ലെ കേരള സംസ്ഥാന കർഷക അവകാശ സംരക്ഷണ അതോറിറ്റി രൂപീകരണ ബിൽ

(ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം. എൽ. എ. നോട്ടീസ് നൽകിയത്)

1621/2021.

# 2021-ലെ കേരള സംസ്ഥാന കർഷക അവകാശ സംരക്ഷണ അതോറിറ്റി രൂപീകരണ ബിൽ

(ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം. എൽ. എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് കർഷകരുടെ അവകാശം സംരക്ഷിക്കുന്നതിനും കർഷകരുടെ പ്രവർത്തനങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.— കേരള സംസ്ഥാനത്ത് കർഷകരുടെ സംരക്ഷണവും അവകാശവും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനായി ഒരു അതോറിറ്റി രൂപീകരിക്കുന്നത് അത്യാവശ്യമായിരിക്കുന്നതിനാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ എഴുപത്തി രണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം ഒരു നിയമം നിർമ്മിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ നിയമം "2021-ലെ കേരള കർഷക അവകാശ സംരക്ഷണ അതോറിറ്റി രൂപീകരണ ബിൽ" എന്ന് അറിയപ്പെടുന്നതാണ്.

(2) ഈ നിയമത്തിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) കേരള സർക്കാർ ഗസറ്റ് വിജ്ഞാപനംമൂലം നിശ്ചയിക്കുന്ന തീയതി മുതൽ ഈ നിയമം പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ബില്ലിൽ സന്ദർഭം മറ്റു വിധത്തിൽ നിർവ്വചിക്കപ്പെടാത്ത പക്ഷം,—

(1) 'സർക്കാർ' എന്നാൽ 'കേരള സർക്കാർ' എന്നർത്ഥമാകുന്നു;

(2) 'സംസ്ഥാനം' എന്നാൽ 'കേരള സംസ്ഥാനം' എന്നർത്ഥമാകുന്നു;

(3) 'വകുപ്പ്' എന്നാൽ 'ഈ ആക്റ്റിലെ ഒരു വകുപ്പ്' എന്നർത്ഥമാകുന്നു;

(4) 'വിജ്ഞാപനം' എന്നാൽ 'ഈ ആക്ട് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങൾ അനുസരിച്ച് കേരള സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനം' എന്നർത്ഥമാകുന്നു;

(5) 'നിർണ്ണയിക്കപ്പെട്ട' എന്നാൽ 'ഈ ആക്ട് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെട്ടത് ' എന്നർത്ഥമാകുന്നു;

(6) 'അതോറിറ്റി' എന്നാൽ 'സംസ്ഥാന കാർഷിക അതോറിറ്റി' എന്നർത്ഥമാകുന്നു;

(7) 'ചെയർമാൻ' എന്നാൽ 'അതോറിറ്റി ചെയർമാൻ' എന്നർത്ഥമാകുന്നു.

3. <u>സംസ്ഥാന കർഷക അവകാശ സംരക്ഷണ അതോറിറ്റി രൂപീകരണം</u>.—

(1) സർക്കാരിന് ഒരു ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി " സംസ്ഥാന കർഷക അവകാശ സംരക്ഷണ അതോറിറ്റി " എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കാവുന്നതാണ്.

(2) അതോറിറ്റിയുടെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതാണ്.

(3) അതോറിറ്റിയുടെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരെ കൃഷി വകുപ്പിൽ നിന്നോ, അധികം ജീവനക്കാരുള്ള വകുപ്പുകളിൽ നിന്നോ സർക്കാർ ചട്ടപ്രകാരം നിയമിക്കാവുന്നതാണ്.

4. <u>അതോറിറ്റിയുടെ ഘടന</u>.—

(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തോടെ അതോറിറ്റി രൂപീകരിക്കാവുന്നതാണ്.

(2) അതോറിറ്റിയിൽ അഞ്ചിൽ കുറയാതെ അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(3) സർക്കാർ നിർദ്ദേശിക്കുന്ന ഒരു റിട്ട. ജഡ്ജി/മുതിർന്ന ഉദ്യോഗസ്ഥനെ ചെയർമാൻ ആയി നിയമിക്കാവുന്നതാണ്.

(4) കാര്യനിർവ്വഹണ അധികാരത്തോടുകൂടിയ സെക്രട്ടറി ചീഫ് സെക്രട്ടറി റാങ്കിൽ ആയിരിക്കണം.

(5) അംഗങ്ങളിൽ ഒരാൾ കാർഷിക മേഖലയിൽ നിന്നുള്ള പ്രതിനിധി ആയിരിക്കണം.

(6) കൃഷി വകുപ്പ് ഡയറക്ടർ അതോറിറ്റിയിൽ അംഗമായിരിക്കണം.

5. <u>അതോറിറ്റിയുടെ കർത്തവ്യങ്ങൾ</u>.—

(1) സംസ്ഥാനത്ത് കർഷകരുടെ അവകാശം സംരക്ഷിക്കുന്നതിനും കർഷകരുടെ പ്രവർത്തനങ്ങൾക്ക് വേണ്ട സുരക്ഷിതത്വവും നിയമ സഹായവും നൽകുക.

(2) കർഷകരുടെ അവകാശങ്ങൾ നിർവ്വഹിക്കുകയും ഉറപ്പുവരുത്തുകയും ചെയ്യുക.

(3) കർഷകർക്ക് കൃഷി ചെയ്യുമ്പോൾ വനം വകുപ്പ്, റവന്യൂ വകുപ്പ് തുടങ്ങിയ വകുപ്പുകളുമായുള്ള തർക്കങ്ങൾ വരുമ്പോൾ ആയതിൽ കർഷകർക്ക് വേണ്ട നിയമ സഹായം നൽകുക.

(4) സർക്കാർ പ്രഖ്യാപിക്കുന്ന താങ്ങുവില കർഷകർക്ക് കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

(5) കാർഷിക കടാശ്വാസ കമ്മീഷനിൽ വരുന്ന അപേക്ഷകൾ നീതിപൂർവ്വം തീർപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തുക.

(6) വിള ഇൻഷ്വറൻസ്, സർക്കാർ നൽകുന്ന മറ്റ് ആനുകൂല്യങ്ങൾ എന്നിവ കർഷകർക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പാക്കുക.

6. <u>അതോറിറ്റിയുടെ അധികാരങ്ങൾ</u>.—

(1) ഈ അതോറിറ്റി സംസ്ഥാനതല അതോറിറ്റി ആയി പ്രവർത്തിക്കണം.

(2) ആവശ്യമുള്ള സമയത്തും സ്ഥലത്തും താത്കാലിക കേന്ദ്രങ്ങൾ സ്ഥാപിച്ച് ഇടപെടണം.

(3) ഈ അതോറിറ്റിക്ക് കീഴിൽ വരുന്ന വിഷയങ്ങളെ സംബന്ധിച്ച പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

(4) കാലാകാലങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിലേക്ക് നൽകണം.

(5) ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം.

(6) നിർദ്ദേശങ്ങൾ പാലിക്കാത്തവർക്കെതിരെ നിയമ നടപടി സ്വീകരിക്കണം.

7. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം</u>.—

(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഇപ്രകാരമുള്ള ചട്ടങ്ങൾ ഉണ്ടാക്കിക്കഴിഞ്ഞാലുടൻ അടുത്ത നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കേണ്ടതും നിയമസഭയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രസ്തുത ചട്ടം നിയമസഭ നിരാകരിച്ചാൽ നടപ്പിലാക്കാൻ പാടുള്ളതുമല്ല. സർക്കാരിന് ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് നിലവിലുള്ള ഉദ്യോഗസ്ഥർക്ക് അധികാരം ഏൽപ്പിച്ചുകൊടുക്കുന്നതിൽ അധിക ചുമതല നൽകുന്നതിനും അധികാരം ഉണ്ടായിരിക്കും.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1972-ലെ വന്യ ജീവി സംരക്ഷണ നിയമത്തിലെ പല വകുപ്പുകളും കർഷകർക്ക് പലപ്പോഴും ബുദ്ധിമുട്ട് ഉണ്ടാക്കാറുണ്ട്. കൂടാതെ കർഷകർക്ക് സർക്കാർ നൽകുന്ന വിള ഇൻഷ്വറൻസ്, വളം സബ്സിഡി, കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്നിവ യഥാവിധി കർഷകർക്ക് ലഭിക്കുന്നുണ്ടോ എന്നത് ഉറപ്പാക്കാൻ ഇത്തരത്തിൽ ഒരു അതോറിറ്റി രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്.

## ധനകാര്യമെമ്മോറാണ്ടം

ഈ ബില്ലിലെ വ്യവസ്ഥകൾ പ്രകാരം അതോറിറ്റി നിലവിൽ വരികയും പ്രവർത്തിച്ചു തുടങ്ങുകയും ചെയ്യുമ്പോൾ മാത്രമേ വേണ്ടിവരുന്ന സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. എങ്കിലും പ്രാരംഭ ചെലവുകൾക്ക് 50 ലക്ഷം രൂപ സഞ്ചിതനിധിയിൽ നിന്നും ചെലവ് പ്രതീക്ഷിക്കുന്നു.

## ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഈ ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനത്തിലൂടെ ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ആയത് നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവും ഭരണപരമായ സ്വഭാവത്തോടുകൂടിയതുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

**എൽദോസ് പി. കുന്നപ്പിള്ളിൽ, എം. എൽ. എ.**